ക്ലബ് മത്സരങ്ങൾ കുറയ്ക്കണമെന്ന് മെസിക്ക് നിർദ്ദേശം

ബ്യൂണസ്അയേഴ്സ്: സ്പാനിഷ്ക്ലബ്ബാഴ്സലോണയ്ക്കുവേണ്ടികളത്തിലിറങ്ങുന്നത് കുറച്ച് റഷ്യയിൽ നടക്കുന്ന ലോകകപ്പിന് ഫിറ്റ്നസ് കാത്തുസൂക്ഷിക്കാൻ ലയണൽ മെസിക്ക് നിർദ്ദേശം നൽകിയതായി അർജന്റീനാ ഫുട്ബാൾ അസോസിയേഷൻ പ്രസിഡന്റ് ക്ലോഡിയോ താപിയ. ഈ സീസണിൽ ബാഴ്സയുടെ 39 മത്സരങ്ങളിൽ 33 ലും മെസി ഫസ്റ്റ് ഇലവനിൽ ഇറങ്ങിയിരുന്നു. തുടർച്ചയായി കളിക്കുന്നത് പരിക്കിനിടയാക്കുമെന്നാണ് താപിയയുടെ പേടി.

www.keralakaumudi.com www.facebook.com/keralakaumudi

പരമ്പര പാൽപ്പായസം

■ ദക്ഷിണാഫ്രിക്കൻ പര്യടനത്തിൽ ആദ്യമായി ഏകദിന പരമ്പര സ്വന്തമാക്കി ഇന്ത്യൻ ക്രിക്കറ്റ് ടീം

ചരിത്രം വഴിമാറും, ചിലർ വരുമ്പോഴെന്ന് ഇപ്പോൾ ദക്ഷിണാഫ്രിക്കക്കാർക്കും മനസിലായിട്ടുണ്ടാകണം. കാൽനൂറ്റാണ്ടിലേറെയായി -കൃത്യമായി പറഞ്ഞാൽ 26 കൊല്ലം- ഇന്ത്യൻ ക്രിക്കറ്റ് ടീം ദക്ഷിണാഫ്രിക്കൻ പര്യടനം നടത്താൻ തുടങ്ങിയിട്ട്. പക്ഷേ ഇത്തവണ വിരാട് കൊഹ്ലി നയിച്ച സംഘം അവിടെയെത്തിയപ്പോഴാണ് വിധിയുടെ നദീഗതിമാറിയൊഴുകാൻ തുടങ്ങിയത്.

കഴിഞ്ഞദിവസം രാത്രി പോർട്ട് എലിസബത്തിൽ ആതിഥേയരെ 73 റൺസിന് കീഴടക്കി വിരാട്ടും സംഘവും ആർഷ വിളിച്ചപ്പോൾ ദക്ഷിണാഫ്രിക്കൻ മണ്ണിൽ ചെന്ന് ആദ്യരണ്ട് ടെസ്റ്റ് മത്സരങ്ങളും തോറ്റ ടീമിന്റെ ഏകദിന പരമ്പര നേട്ടം എന്ന കൗതുകക്കാഴ്ചയ്ക്കാണ് തിരിതെളിഞ്ഞത്. ആദ്യ മൂന്ന് ഏകദിനങ്ങളിലും തുടർച്ചയായി വിജയിച്ച ഇന്ത്യയെ നാലാം ഏകദിനത്തിൽ മഴയുടെ സഹായത്തോടെ തട്ടുത്തുനിറുത്തിയെങ്കിലും ദക്ഷിണാഫ്രിക്കയ്ക്ക് അഞ്ചാമത്തെ മത്സരത്തിൽ വീണ്ടും അടിതെറ്റി.

പോർട്ട് എലിസബത്തിൽ ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിംഗിനിറങ്ങേണ്ടിവന്ന ഇന്ത്യ നിശ്ചിത 50 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ നേടിയത് 274 റൺസ്. മറുപടിക്കിറങ്ങിയ ദക്ഷിണാഫ്രിക്ക 42.2 ഓവറിൽ 201 ന് ആൾഔട്ടായി. ഒരിക്കൽകൂടി ഇന്ത്യൻ സ്പിന്നർമാർക്ക് മുന്നിൽ ദക്ഷിണാഫ്രിക്കയുടെ ദാരുണാന്ത്യം.

കൊഹ്ലിയെയും (36), രഹാനെയെയും (8) റൺ ഔട്ടാക്കുന്നതിൽ പ്രധാന പങ്കാളിയായെങ്കിലും സെഞ്ച്വറി നേടി ഫോമിലേക്ക് തിരികെയെത്താൻ കഴിഞ്ഞ രോഹിത് ശർമ്മയായിരുന്നു ഇന്ത്യൻ ബാറ്റിംഗിന്റെ കരുത്ത്. ദക്ഷിണാഫ്രിക്കയിലെത്തിയ ശേഷമുള്ള ഒൻപത് ഇന്നിംഗ്സുകളിൽ ആദ്യമായാണ് രോഹിത് 50 ന് മുകളിൽ സ്കോർ ചെയ്യുന്നത്.

മറുപടിക്കിറങ്ങിയ ദക്ഷിണാഫ്രിക്കയ്ക്ക് ഹാഷിം അംലയും (71), മാർക്രമും (32) ചേർന്ന് മാന്യമായ തുടക്കമാണ് നൽകിയത്. കാലുറപ്പിച്ച് കഴിഞ്ഞിരുന്ന മാർക്രമിനെ പത്താം ഓവറിൽ കൊഹ്ലിയുടെ കൈയിലെത്തിച്ച ബുംറയാണ് ആദ്യ പ്രഹരമേൽപ്പിച്ചത്. തുടർന്നിറങ്ങിയ ഡുമിനി ഹാർദിക് പാണ്ഡ്യയുടെ പന്തിൽ രോഹിതിനും, ഡിവില്ലിയേഴ്സ്(6) ധോണിക്കുകൃത്യച്ച് നൽകിയതോടെ ആതിഥേയർ 65/3 എന്ന നിലയിലായി.

എന്നാൽ നാലാം വിക്കറ്റിൽ ഒരുമിച്ച അംല-മില്ലർ (36) സഖ്യം ദക്ഷിണാഫ്രിക്കയ്ക്ക് പ്രതീക്ഷ നൽകി. ഇന്ത്യൻ ബൗളർമാരെ ഒരുവിധം നന്നായി നേരിട്ട ഈ സഖ്യത്തെ പൊളിച്ചതിന്റെ ക്രെഡിറ്റ് ചഹലിനായിരുന്നു. 27-ാം ഓവറിൽ മില്ലറെ ക്ലീൻ ബൗൾഡാക്കുകയായിരുന്ന ചഹൽ. കഴിഞ്ഞ കളിയിൽ നോബോളിൽ ബൗൾഡാക്കിയതിന് പ്രായശ്ചിത്തമെന്നപോലെ. പിന്നീടിറങ്ങിയ ക്ലസൻ ക്ലാസ് ഷോട്ടുകൾ കാഴ്ചവച്ചപ്പോൾ കളി കൈവിട്ടുപോയേക്കുമെന്ന് ഒരുവേള ഇന്ത്യൻ ആരാധകർക്ക് തോന്നിയിട്ടുണ്ടാവണം. എന്നാൽ 35-ാം ഓവറിൽ അംലയെ റൺ ഔട്ടാക്കാൻ തകർപ്പൻ ഒരു ഡയറക്ട് ത്രോ നടത്തിയ ഹാർദിക് പാണ്ഡ്യ വിജയം ഇന്ത്യയ്ക്ക് തന്നെ എന്നുറപ്പിക്കുകയായിരുന്നു. പിന്നീട് ഷംസിയെ പുറത്താക്കാനെടുത്ത ഒറ്റകൈയൻ ക്യാച്ചും ഹാർദിക്കിനെ താരമാക്കി. അംല വീണതോടെ കുൽദീപും ചഹലും ചേർന്ന് വാലറ്റത്തെ അരിഞ്ഞിട്ടാണ് വൻ വിജയമൊരുക്കിയത്.

ഒരു അഡാറ് പരമ്പര വിജയം

ദക്ഷിണാഫ്രിക്കയിൽ ഇതുവരെ

- വർണവിവേചനത്തിനുശേഷം ദക്ഷിണാഫ്രിക്കയിൽ പര്യടനത്തിനെത്തുന്ന ആദ്യ ടീമാണ് ഇന്ത്യ. 1992 ലെ ആദ്യപര്യടനത്തിൽ ഇന്ത്യ ഏഴ് ഏകദിനങ്ങളുടെ പരമ്പര 2-5ന് തോറ്റു.
- 1996-97 ലെ പര്യടനത്തിൽ 4-0ത്തിനാണ് ദക്ഷിണാഫ്രിക്ക ഏകദിന പരമ്പര ജയിച്ചത്.
- 2000-01ൽ കെനിയ കൂടി ഉൾപ്പെട്ട ത്രിരാഷ്ട്ര ടൂർണമെന്റിന്റെ ഫൈനലിൽ ഇന്ത്യ തോറ്റു.
- 2006-07 ലെ പര്യടനത്തിലും 0-4ന് ഏകദിന പരമ്പര തോറ്റു.

2010-11 ലെ പര്യടനത്തിൽ 2-3 നായിരുന്നു തോൽവി

- 2013-14ൽ ദക്ഷിണാഫ്രിക്ക 2-0ത്തിന് ജയിച്ചു.
- ആറ് പരമ്പര തോൽവികൾക്ക് ശേഷമാണ് ഇന്ത്യയുടെ വിജയം.

ഇപ്പോൾ ഇങ്ങനെ

1. ആദ്യ ഏകദിനത്തിൽ 6 വിക്കറ്റിന് ഇന്ത്യൻ ജയം
2. രണ്ടാം ഏകദിനത്തിൽ വിജയം 9 വിക്കറ്റിന്
3. മൂന്നാം ഏകദിനത്തിൽ 124 റൺസിന്റെ വിജയം
4. മഴ കളിച്ച നാലാം മത്സരത്തിൽ അഞ്ചു വിക്കറ്റ് തോൽവി
5. അഞ്ചാം ഏകദിനത്തിൽ 73 റൺസ് ജയം

ആറാം ഏകദിനം നാളെ സെഞ്ചൂറിയനിൽ

റബാദയ്ക്ക് പിഴ

അഞ്ചാം ഏകദിനത്തിൽ ശിഖർധവാനെ പുറത്താക്കിയ ശേഷം മോശമായി പെരുമാറിയ ദക്ഷിണാഫ്രിക്കൻ പേസർ റബാദയ്ക്ക് മാച്ച് ഫീയുടെ 15 ശതമാനം പിഴ വിധിച്ചു.

കുൽ-ച യുടെ കയ്പറിഞ്ഞ് ആഫ്രിക്ക

റെക്കാഡുകൾ തകർത്ത കുൽദീപിന്റെയും യുസ്വേന്ദ്ര ചഹലിന്റെയും മാസ്മരിക സ്പിൻ പ്രകടനമാണ് ഈ പരമ്പരയിൽ ഇന്ത്യയ്ക്ക് വിജയം നൽകിയത്.

അഞ്ച് മത്സരങ്ങളിൽ വീണ 43 വിക്കറ്റുകളിൽ 30 എണ്ണവും നേടിയത് കുൽദീപും ചഹലും ചേർന്നാണ്.

കുൽദീപ് 16 വിക്കറ്റുകൾ സ്വന്തമാക്കിയപ്പോൾ ചഹലിന് 14 പേരെ പുറത്താക്കാനായി.

ആഘോഷമില്ലാതെ രോഹിത്

തുടർച്ചയായ ബാറ്റിംഗ് പരാജയങ്ങൾക്കുശേഷം പോർട്ട് എലിസബത്തിൽ രോഹിത് സെഞ്ച്വറി നേടിയെങ്കിലും ആഘോഷത്തിന് പതിവ് വീര്യമില്ലായിരുന്നു. തന്റെ കൂടി അശ്രദ്ധ കൊണ്ട് കൊഹ്ലിയും രഹാനെയും റൺ ഔട്ടായതിനാലാണ് അമിതാഘോഷം വേണ്ടെന്ന് തീരുമാനിച്ചതെന്ന് മത്സരശേഷം രോഹിത് പറഞ്ഞു.

സ്വന്തം മണ്ണിൽ ദക്ഷിണാഫ്രിക്ക തോൽക്കുന്ന ഏഴാമത്തെ മാത്രം ഏകദിന പരമ്പര

വിദേശ സ്പിന്നറെന്ന റെക്കാഡ് കുൽദീപ് സ്വന്തമാക്കി.

"ദക്ഷിണാഫ്രിക്കയിൽ ചരിത്രം നേട്ടം സ്വന്തമാക്കിയ ടീമിനെ നയിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. അവസാന മത്സരത്തിലും വിജയിക്കാൻ വേണ്ടിയാകും ഞങ്ങൾ കളത്തിലിറങ്ങുക. 5-1 ന് പരമ്പര സ്വന്തമാക്കണമെന്നാണ് ആഗ്രഹം. **- വിരാട് കൊഹ്ലി**

എഫ്.സി ബാസലിനെ കീഴടക്കിയ മാഞ്ചസ്റ്റർ സിറ്റി താരങ്ങളുടെ ആഹ്ലാദപ്രകടനം

■ യുവേഫ ചാമ്പ്യൻസ് ലീഗ് ആദ്യപാദ പ്രീക്വാർട്ടർ

നാലടിച്ച് സിറ്റി സൂപ്പർഫാസ്റ്റ്

യുവന്റസ്-ടോട്ടൻഹാം പോരാട്ടം സമനിലയിൽ

മാഞ്ചസ്റ്റർ സിറ്റി 4 - ബാസൽ 0 | **യുവന്റസ് 2-ടോട്ടൻഹാം 2**

ബാസൽ : യുവേഫ ചാമ്പ്യൻസ് ലീഗിന്റെ ആദ്യപാദ പ്രീക്വാർട്ടർ ഫൈനൽ മത്സരത്തിൽ ഇംഗ്ലീഷ് ക്ലബ് മാഞ്ചസ്റ്റർ സിറ്റിക്ക് തകർപ്പൻ വിജയം. സ്വിസ് ക്ലബ് എഫ്.സി ബാസലിനെ അവരുടെ മണ്ണിൽ നടന്ന മത്സരത്തിൽ എതിരില്ലാത്തനാലുഗോളുകൾക്കാണ് മാഞ്ചസ്റ്റർ സിറ്റി കീഴടക്കിയത്. അതേസമയം മുൻ ഫൈനലിസ്റ്റുകളായ ഇറ്റാലിയൻ ക്ലബ് യുവന്റസ് ഇംഗ്ലീഷ് ക്ലബ് ടോട്ടൻഹാം സമനിലയിൽ കുരുക്കി. യുവന്റസിന്റെ തട്ടകത്തിൽ നടന്ന മത്സരത്തിൽ ഇരുടീമുകളും രണ്ട് ഗോളുകൾ വീതം നേടി.

സൂപ്പർകോച്ച് പെപ് ഗ്വാർഡിയോളയ്ക്ക് കീഴിൽ ഇംഗ്ലീഷ് പ്രിമിയർ ലീഗിൽ 16 പോയിന്റുകൾക്ക് ലീഡ് ചെയ്യുന്ന മാഞ്ചസ്റ്റർ സിറ്റി ചാമ്പ്യൻസ് ലീഗിലും കിരീട പ്രതീക്ഷയുണർത്തുന്ന പ്രകടനമാണ് കാഴ്ചവച്ചത്. സ്വിസ് ക്ലബിനെതിരെ ആദ്യപകുതിയിൽത്തന്നെ മൂന്ന് ഗോളുകൾ അവർ നേടിയിരുന്നു. ഇരട്ട ഗോളുകൾ നേടിയ ഇൽക്കേയ് ഗുൻഡോഗനും ഓരോ ഗോൾ വീതം നേടിയ ബെർനാഡോ സിൽവയും സെർജിയോ അഗ്യൂറോയുമാണ് സിറ്റിക്കുവേണ്ടി ഗോളുകൾ നേടിയത്.

മത്സരത്തിന്റെ രണ്ടാം മിനിട്ടിൽത്തന്നെ ഗുൻഡോഗന്റെ ഒരു ഹെഡർ തടുക്കേണ്ടിവന്ന ബാസൽ ഗോളിക്ക് പിന്നീട് പരീക്ഷണങ്ങളായിരുന്നു. 14-ാം മിനിട്ടിലാണ് ഗുൻഡോഗന് ആദ്യ ഗോൾ നേടിയത്. കെവിൻ ഡിബ്രുയാൻ നൽകിയ ക്രോസിൽ നിന്ന് തകർപ്പൻഹെഡറിലൂടെഗുൻഡോഗൻസ്കോർചെയ്തത്. 18-ാംമിനിട്ടിൽ സിൽവയുംസ്കോർചെയ്തു. ഡിബ്രുയാനും റഹിം സ്റ്റെർലിംഗും ചേർന്ന് നടത്തിയ ഒരു മുന്നേറ്റത്തിനൊടുവിലാണ് സിൽവവല കുലുക്കിയത്.

സിറ്റിയുടെ ആൾടൈം ടോപ് സ്കോറർ അഗ്യൂറോയുടെതായിരുന്ന അടുത്ത ഊഴം. 23-ാം മിനിട്ടിൽ ഫെർണാൻഡീഞ്ഞോയുടെ സഹായത്തോടെയാണ് മാഡോണയുടെ മരുമകൻ ഗോളടിച്ചത്. ഒൻപത് മിനിട്ടിനിടെ മൂന്ന് ഗോളുകൾ നേടിയ സിറ്റിക്കുവേണ്ടി 53-ാം മിനിട്ടിൽ ഗുൻഡോഗൻ നാലാം ഗോളും നേടി. അഗ്യൂറോയുടെ അസിസ്റ്റിൽ നിന്നായിരുന്നു ഈ ഗോളിന്റെ പിറവി. 74-ാം മിനിട്ടിൽ ബാസൽ ഗോളിയുടെ അത്യുജ്ജ്വലമായ സേവ്ഗുൻഡോഗന്റെ ഹാട്രിക് മോഹം തകർത്തു.

യുവന്റസ്സ്വന്തം തട്ടകത്തിൽനടന്ന മത്സരത്തിന്റെ ആദ്യ പത്തുമിനിട്ടിനുള്ളിൽ രണ്ട് ഗോളുകൾ സ്കോർ ചെയ്തെങ്കിലും ജയിക്കാൻ കഴിഞ്ഞില്ല. അർജന്റീനാസൈക്കർ ഗോൺസാലോ ജെറാഡോ ഹിഗ്വെയ്നാണ് യുവന്റസിന്റെ രണ്ട് ഗോളുകളും നേടിയത്. കളി തുടങ്ങി രണ്ടാംമിനിട്ടിൽ പ്യാനിക്കിന്റെ പാസിൽനിന്നായിരുന്ന ഹിഗ്വെയ്ന്റെ ആദ്യഗോൾ. ഒൻപതാം മിനിട്ടിൽ ബോക്സിനുള്ളിലെ ഫൗളിന് അനുവദിച്ച പെനാൽറ്റികിക്കാണ് ഹിഗ്വെയ് അടുത്ത ഗോളാക്കിയത്.

35-ാം മിനിട്ടിൽ സൂപ്പർ സ്ട്രൈക്കർ ഹാരി കേനാണ് ടോട്ടനത്തിനായി ആദ്യമറുപടി നൽകിയത്. ഡെല്ലി അല്ലിയുടെ ക്രോസിൽ നിന്നായിരുന്ന കേന്റെ ഗോൾ. ആദ്യപകുതി അവസാനിക്കുന്നതിന് തൊട്ടുമുമ്പ് യുവന്റസിന് അനുകൂലമായി അടുത്ത പെനാൽറ്റി ലഭിച്ചെങ്കിലും ഹിഗ്വെയ്ൻ പാഴാക്കിയത് കളിത്തിരിവായി. ഹിഗ്വെയ്ന്റെ ഷോട്ട് ക്രോസ് ബാറിലിടിക്കുകയായിരുന്നു. 73-ാം മിനിട്ടിൽ എറിക്സണാണ് ടോട്ടൻഹാമിന് വേണ്ടി സമനില ഗോൾ നേടിയത്.

ഒരു പെനാൽറ്റിയുടെ നൊമ്പരം

ടോട്ടൻഹാമിനെതിരായ മത്സരത്തിൽ പെനാൽറ്റി നഷ്ടപ്പെടുത്തിയ യുവന്റസ് സ്ട്രൈക്കർ ഹിഗ്വെയ്ന്റെ സങ്കടം.

ഹിഗ്വെയ്ന്റെ ഷോട്ട് ക്രോസ് ബാറിൽത്തട്ടിത്തെറിച്ചപ്പോൾ യുവന്റസ് ഗോൾ മുഖത്ത് അത് കണ്ടുനിന്ന ഗോളി ബഫണ്ണിന്റെ നിരാശ.

■ എ.എഫ്.സി കപ്പ് പ്ലേ ഓഫ്

ബംഗളൂരു എഫ്.സിക്ക് എവേ വിജയം

ന്യൂഡൽഹി: എ.എഫ്.സി കപ്പ്ഫുട്ബാൾ ടൂർണമെന്റിന്റെ പ്ലേ ഓഫിലെ എവേ മത്സരത്തിൽ ബംഗളൂരു എഫ്.സി മാൽദീവ്സ് ക്ലബ് ടി.സി സ്പോർട്സിനെ 3 - 2 ന് കീഴടക്കി. ആദ്യ പകുതിയിൽ ഗോൾരഹിതമായിരുന്ന മത്സരത്തിന്റെ രണ്ടാം പകുതിയിലാണ് അഞ്ച് ഗോളുകളും പിറന്നത്.

ബംഗളൂരുവിന് വേണ്ടി സെംബോയ് ഹാവോക്കിപ്പ് രണ്ട് ഗോളുകൾ നേടി. ആസ്റേലിയൻ ഡിഫൻഡർ എറിക്ക് പാർതാലുഒരു ഗോൾ സ്കോർ ചെയ്തു. 52-ാം മിനിട്ടിലായിരുന്നു ഹാവോക്കിപ്പിന്റെ ആദ്യ ഗോൾ. 69-ാം മിനിട്ടിൽ പാർത്താലു സ്കോർ ചെയ്തു. 71, 73 മിനിട്ടുകളിൽ മാലി ക്ലബ്സ്കോർ ചെയ്തതോടെ മത്സരം സമനിലയിലായിരുന്നു. എന്നാൽ 78-ാം മിനിട്ടിൽ ഹാവോക്കിപ്ബംഗളൂരുവിനായി വിജയഗോൾ നേടി.

■ ഐ ലീഗ്

നെരോക്കയ്ക്ക് ജയം, ഒന്നാംസ്ഥാനത്ത്

ഇംഫാൽ: ഐ ലീഗ് ഫുട്ബാളിൽ ഇന്നലെചർച്ചിൽബ്രദേഴ്സിനെഏകപക്ഷീയമായ ഒരു ഗോളിന് കീഴടക്കി മണിപ്പൂരി ക്ലബ് നെരോക്ക എഫ്. സി പോയിന്റ് പട്ടികയിൽ ഒന്നാമതെത്തി. 86-ാം മിനിട്ടിൽ ആരിൻ വില്യംസാണ് നെരോക്കയ്ക്കുവേണ്ടിസ്കോർചെയ്തത്.ഈവിജയത്തോടെ 16 മത്സരങ്ങളിൽനിന്ന് 31 പോയിന്റായ നെരോക്ക മിനർവ പഞ്ചാബിനെ മറികടന്നാണ് ഒന്നാമതെത്തിയത്. മിനർവയ്ക്ക് 14 മത്സരങ്ങളിൽ നിന്ന് 29 പോയിന്റാണുള്ളത്.

ഡൽഹിക്ക് ജയം

ഗോഹട്ടി: ഐ.എസ്.എല്ലിൽ ഇന്നലെ നടന്ന മത്സരത്തിൽ ഡൽഹി ഡൈനാമോസ് ഏകപക്ഷീയമായ ഒരു ഗോളിന് നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ കീഴടക്കി. ഗോൾ രഹിതമായിരുന്ന ആദ്യ പകുതിക്ക് ശേഷം 87-ാം മിനിട്ടിൽ കാലു ഉച്ചെയാണ് ഡൽഹിക്കായി ഗോൾ നേടിയത്. ഇന്നലെ വിജയിച്ചെങ്കിലും ഡൽഹി നോർത്ത് ഈസ്റ്റിന് പിന്നിൽ അവസാന സ്ഥാനത്താണ്.

ഏഷ്യൻ ഇൻവിറ്റേഷണൽ മീറ്റ്

ജിൻസൺ ജോൺസണ് സ്വർണം

■ അവസാന ദിവസം ഇന്ത്യയ്ക്ക് മൂന്ന് സ്വർണം

ജിൻസൺ

ജക്കാർത്ത (ഇന്തോനേഷ്യ) : ഏഷ്യൻ ഗെയിംസിന് മുന്നോടിയായി നടന്ന ഇൻവിറ്റേഷണൽ മീറ്റിന്റെ അവസാന ദിവസം പുരുഷന്മാരുടെ 300 മീറ്ററിൽ മലയാളിതാരം ജിൻസൺ ജോൺസൺ സ്വർണം. പുരുഷ-വനിതാ റിലേ ടീമുകളും ഇന്നലെ സ്വർണം നേടി. വനിതകളുടെഹാമർത്രോയിൽ സരിത സിംഗ് വെള്ളിയും പുരുഷ ട്രിപ്പിൾ ജമ്പിൽ കമൽരാജ് കനൽരാജ് വെങ്കലവും നേടി. ഈമീറ്റിലെ ഇന്ത്യയുടെ സ്വർണനേട്ടം 13 ആണ്. അഞ്ച്വെള്ളിക്കും നാല് വെങ്കലവും ഇന്ത്യൻ താരങ്ങൾ സ്വന്തമാക്കി. ഏഷ്യൻ ഗെയിംസിലെ വെള്ളി, വെങ്കല മെഡലുകൾക്ക് ഉടമയായ ജിൻസൺ ഇന്നലെ ഒരുമിനിട്ട്47.96 സെക്കൻഡിലാണ്800 മീറ്ററിൽ ഒന്നാമതെത്തിയത്. രണ്ടാംസ്ഥാനത്ത് ഫിനിഷ് ചെയ്ത സൗദി അറേബ്യയുടെറയീദ്അൽജാദ്നി1 മിനിട്ട്54.17 സെക്കൻഡിലാണ്മത്സരംപൂർത്തിയാക്കിയത്.

മലയാളി താരങ്ങളായ കുഞ്ഞിമുഹമ്മദ്, ജിത്തുബേബി എന്നിവരടങ്ങിയ ടീമാണ് 4x400 മീറ്റർ പുരുഷ റിലേയിൽ സ്വർണം നേടിയത്. സുമിത് കുമാറും ജീവൻ സുരേഷുമാണ് ഒപ്പമിറങ്ങിയത്. മൂന്ന് മിനിട്ട് 7.06 സെക്കൻഡിലാണ് ഇന്ത്യൻ ടീം ഫിനിഷ് ചെയ്തത്. ജിത്തു ബേബി കഴിഞ്ഞ ദിവസം 400 മീറ്ററിൽ വെള്ളി നേടിയിരുന്നു.

ഹിമദാസ്, സോണിയ ബൈശ്യ, സരിതാ ബെൻ ഗെയ്ക്ക്വാദ്, നിത്യശ്രീ എന്നിവരടങ്ങിയ വനിതാ ടീം മൂന്ന് മിനിട്ട് 37.76 സെക്കൻഡിലാണ് 4x400 റിലേയിൽ ഒന്നാമതെത്തിയത്. ഹിമ 200 മീറ്ററിലും സോണിയ 400 മീറ്ററിലും സരിതാ ബെൻ 400 മീറ്റർ ഹർഡിൽസിലും നേരത്തേ സ്വർണം നേടിയിരുന്നു.